# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## ഐ.ടി വിഭാഗത്തിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം

**അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ്:**

നിയമസഭാ സെക്രട്ടേറിയറ്റിൽ താഴെപ്പറയുന്ന തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

### 1. കൺസൾട്ടന്റ് -ഐ.ടി:

ഒഴിവുകളുടെ എണ്ണം : 1.

യോഗ്യത 1) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.സി.എ അല്ലെങ്കിൽ ഐ.ടി/ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ഏതിലെങ്കിലുമുള്ള ബി.ടെക് ബിരുദം. 2) ഐ.ടി. യുമായി ബന്ധപ്പെട്ട് സർക്കാർ പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുന്നതിൽ 8 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം.

ശമ്പളം 50000/- രൂപ. അപേക്ഷകൾ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം: **recruitment1@niyamasabha.nic.in**

### 2.സിസ്റ്റംഅഡ്മിനിസ്റ്റേറ്റർ(സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ആന്റ് ട്രെയിനിംഗ്):

ഒഴിവുകളുടെ എണ്ണം: 1

യോഗ്യത: അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.സി.എ അല്ലെങ്കിൽ ഐ.ടി/കമ്പ്യൂട്ടർ സയൻസ് / ഇലക്ട്രോണിക്സ് എന്നിവയിൽ ഏതിലെങ്കിലുമുള്ള ബി.ടെക് ബിരുദം. കൂടാതെ ഏതെങ്കിലും സർക്കാർ /അർദ്ധ സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സോഫ്റ്റ് വെയർ ഡെവലപ്മെന്റിൽ 8 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.
ശമ്പളം 45000/-
അപേക്ഷകൾ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം:
**recruitment2@niyamasabha.nic.in**

### 3. സിസ്റ്റം അഡ്മിനിസ്റ്റേറ്റർ (ഹാർഡ് വെയർ മെയിന്റനൻസ് ആൻഡ് നെറ്റ് വർക്കിംഗ്):

ഒഴിവുകളുടെ എണ്ണം 1.

യോഗ്യത: അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.സി.എ അല്ലെങ്കിൽ ഐ.ടി/കമ്പ്യൂട്ടർ സയൻസ് /ഇലക്ട്രോണിക്സ് എന്നിവയിൽ ഏതെങ്കിലുമുള്ള ബി.ടെക് ബിരുദം. കൂടാതെ ഏതെങ്കിലും സർക്കാർ / അർദ്ധ സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹാർഡ് വെയർ മെയിന്റനൻസ് ആന്റ് നെറ്റ്‌വർക്കിംഗിൽ ഉള്ള 8 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.
ശമ്പളം 45000/- രൂപ. അപേക്ഷ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം :
**recruitment2@niyamasabha.nic.in**

### 4. നെറ്റ് വർക്ക് അഡ്മിനിസ്റ്റേറ്റർ

ഒഴിവുകളുടെ എണ്ണം 1.

യോഗ്യത : അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.സി.എ അല്ലെങ്കിൽ ഐ.ടി/ഇലക്ട്രോണിക്സ് /കമ്പ്യൂട്ടർ സയൻസ് ഇവയിലേതിലെങ്കിലുമുള്ള ബി.ടെക് ബിരുദം. 2) സർക്കാർ / അർദ്ധ സർക്കാർ /അംഗീകൃത സ്ഥാപനങ്ങളിലുള്ള 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. കൂടാതെ CCNA/RHCE എന്നിവയിൽ എതിലെങ്കിലുമുള്ള നെറ്റ് വർക്ക് സർട്ടിഫിക്കേഷൻ /തത്തുല്യ യോഗ്യതയും നെറ്റ് വർക്ക് അഡ്മിനിസ്ട്രേഷനിൽ 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും. ശമ്പളം 35000/-രൂപ. അപേക്ഷ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം : **recruitment3@niyamasabha.nic.in**

### 5. കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് ടെക്നീഷ്യൻ

ഒഴിവുകളുടെ എണ്ണം 3.

യോഗ്യത : കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് കോഴ്സിൽ 3 വർഷത്തെ ഡിപ്ലോമ അല്ലെങ്കിൽ ഇലക്ട്രോണിക്സ് / കമ്പ്യൂട്ടർ സയൻസ് /ഐ.ടി എന്നിവയിലേതെങ്കിലുമുള്ള BSc ബിരുദം. മേൽ സൂചിപ്പിച്ച യോഗ്യതകൾ ഏതെങ്കിലും അംഗീകൃത സർവ്വകലാശാല /ബോർഡ് -യിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം. ശമ്പളം 30000/- രൂപ. കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം അഭികാമ്യം. അപേക്ഷ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം : **recruitment4@niyamasabha.nic.in**

### 6. കമ്പ്യൂട്ടർ പ്രോഗ്രാമർ (ഹാർഡ് വെയർ മെയിന്റനൻസ് & നെറ്റ് വർക്കിംഗ് )

ഒഴിവുകളുടെ എണ്ണം 2.

യോഗ്യത: ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ബോർഡിൽ നിന്നോ ഉള്ള PGDCA അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് / ഐ.ടി ഇവയിലേതിലെങ്കിലുമുള്ള ബി.എസ്.സി. ബിരുദം. ശമ്പളം 30000/- രൂപ. ഹാർഡ്വെയർ മെയിന്റനൻസ് & നെറ്റ്വർക്കിംഗിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും LINUX സർട്ടിഫിക്കേഷനും അഭികാമ്യ യോഗ്യതയാണ്.

അപേക്ഷ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം: **recruitment4@niyamasabha.nic.in**

### 7. കമ്പ്യൂട്ടർ പ്രോഗ്രാമർ (സോഫ്റ്റ് വെയർ ഡെവലപ്മെന്റ് )

ഒഴിവുകളുടെ എണ്ണം : 2.

യോഗ്യത: ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ / ബോർഡിൽ നിന്നുള്ള PGDCA അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് /ഐ.ടി എന്നിവയിലേതിലെങ്കിലുമുള്ള BSc ബിരുദം. ശമ്പളം 30000/- രൂപ. സോഫ്റ്റ്വെയർ ഡെവലപ്മെന്റിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയവും PHP /MySQL എന്നിവയിലുള്ള അറിവും അഭികാമ്യ യോഗ്യതയാണ്.

അപേക്ഷ അയയ്ക്കേണ്ട ഇ-മെയിൽ വിലാസം: **recruitment4@niyamasabha.nic.in**

**<u>നിർദ്ദേശങ്ങൾ</u>**

പൂരിപ്പിച്ച നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ, വിശദമായ ബയോഡാറ്റ, അപേക്ഷകന്റെ പ്രായം തെളിയിക്കുന്നതിനുള്ള സ്കൂൾ സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമുള്ള അപേക്ഷ നേരിട്ടോ തപാൽ മാർഗമോ ഇ-മെയിൽ മാർഗമോ 14.02.2019 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

നേരിട്ടോ തപാൽ മാർഗ്ഗമോ അപേക്ഷ സമർപ്പിക്കുന്നവർ കവറിനു പുറത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര് രേഖപ്പെടുത്തേണ്ടതും അപേക്ഷ അണ്ടർ സെക്രട്ടറി I (സർവ്വീസസ്), കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം, PIN 695033 എന്ന മേൽവിലാസത്തിൽ അയക്കേണ്ടതുമാണ്. ഇ-മെയിൽ വഴി അപേക്ഷ സമർപ്പിക്കുന്നവർ നേരിട്ടോ തപാൽ മുഖേനയോ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.

ഇ-മെയിൽ വഴി അപേക്ഷ സമർപ്പിക്കുന്നതിന് രേഖകൾ സ്കാൻ ചെയ്ത് PDF/JPEG ഫോർമാറ്റിൽ ഇ-മെയിലിനോടൊപ്പം അറ്റാച്ച് ചെയ്യേണ്ടതും ഓരോ തസ്തികയ്ക്കും അതാതിനു നേരെ കാണിച്ചിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ മെയിൽ ചെയ്യേണ്ടതുമാണ്.

ബയോഡാറ്റയിൽ അപേക്ഷകരുടെ ഇ-മെയിൽ വിലാസം നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഒന്നിൽ കൂടുതൽ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ ഓരോ തസ്തികയിലേക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതോ, അപൂർണ്ണമായതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് നിയമനത്തിൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**<u>നിയമനരീതി</u>**

അപേക്ഷകരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. അപേക്ഷയിലും ബയോഡേറ്റയിലും അവകാശപ്പെട്ടിട്ടുള്ള യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന രേഖകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ഇ-മെയിൽ വഴി മാത്രമായിരിക്കും.

മേൽ സൂചിപ്പിച്ച എല്ലാ തസ്തികകളിലെയും നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.

സെക്രട്ടറി
കേരള നിയമസഭ

# PROFORMA

Name of Applicant :

Name of Father / Mother/ Guardian :

Date of Birth :

E mail Address :

Phone No. :

Address of Applicant :

Name of Post Applied :

Educational Qualification : (1)

(2)

(3)

**Experience**

| Institution | Govt/Non govt | Period / Duration |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

Whether applied to any other post mentioned in this notification?
if yes Give name of the post applied :

Certified that all information and details furnished above are true and correct at the best of my knowledge and belief.

DATE:

Signature &
Name of Applicant